ഉത്തരം

(എ) കുണ്ടറ, പേരയം, കിഴക്കേകല്ലട, പവിത്രേശ്വരം, എഴുകോൺ, നെടുവത്തൂർ, കുളക്കട, കൊട്ടാരക്കര, മേലില, വെട്ടിക്കവല എന്നീ പഞ്ചായത്തുകൾക്കാണ് കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രയോജനം ലക്ഷ്യമാക്കിയിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) 38,20,116 രൂപയുടെ പണികൾ നടത്തിയിട്ടുണ്ട്.

(ഡി) 22,51,128 രൂപ.

(ഇ) പ്രധാന തകരാർ വരാൻ സാധ്യതയുള്ള ഒരു കിലോമീറ്റർ സ്ഥലത്ത് പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) എഴുകോൺ പമ്പ്ഹൗസിൽ ഒരു സ്റ്റാന്റ്ബൈ പമ്പ് വാങ്ങാനുള്ള നടപടി പൂർത്തീകരിച്ചുകഴിഞ്ഞു. പുനലൂർ, കുന്നിക്കോട് എന്നീ പമ്പ് ഹൗസുകളിലേക്ക് പമ്പ് വാങ്ങാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ജി) പ്രതിദിനം 5.46 ദശലക്ഷം ലിറ്റർ ജലം കൊട്ടാരക്കര, മേലില, വിളക്കുടി, വെട്ടിക്കവല എന്നീ പഞ്ചായത്തുകൾക്ക് നൽകാനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരുന്നത്.

(എച്ച്) കുണ്ടറ ശുദ്ധജല വിതരണ പദ്ധതിക്കാവശ്യമായ വെള്ളം പുനലൂരിൽ നിന്നുമാണ് ശേഖരിക്കുന്നത്. പമ്പിംഗ് മെയിൻ 5.10 കിലോ മീറ്റർ പ്രിമോ പൈപ്പാണ്. പ്രിമോ പൈപ്പിൽ കൂടി ജലം മർദ്ദത്തിൽ പമ്പ് ചെയ്യുമ്പോൾ ലീക്കുകൾ ഉണ്ടാവുകയും പൈപ്പ് ലൈൻ പൊട്ടുകയും ചെയ്യുന്നു. ഇതിനാലാണ് എഴുകോൺ പമ്പിൽ ചില ദിവസങ്ങളിൽ ജലം മുടങ്ങുന്നത്.

(ഐ) നടപടി സ്വീകരിക്കുന്നതാണ്.

ലക്കിടി-പേരൂർ വാട്ടർ സപ്ലൈ സ്കീം

52 [1845] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി-പേരൂർ പഞ്ചായത്തിൽ വാട്ടർ സപ്ലൈ സ്കീം രൂപകൽപ്പന ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ അടങ്കൽ തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതി ഏതു സ്കീമിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിന്റെ നിർമ്മാണം ഏതു ഘട്ടത്തിലെത്തിയെന്ന് വെളിപ്പെടുത്താമോ;

(ഇ) ലക്കിടി-പേരൂർ വാട്ടർ സപ്ലൈ സ്കീം പ്രവൃത്തി എന്ന് പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രൂപകൽപ്പന ചെയ്തുവരുന്നു.

(ബി) അടങ്കൽതുക തിട്ടപ്പെടുത്തിയിട്ടില്ല.

(സി) കേന്ദ്ര സർക്കാരിന്റെ എ.ആർ.പി. മാനദണ്ഡം അനുസരിച്ചുള്ള സമഗ്ര ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) പ്രാഥമിക പഠന നടപടികളും സർവ്വേ ജോലികളും നടന്നുകൊണ്ടിരിക്കുന്നു.

(ഇ) ഭരണ-സാങ്കേതികാനുമതിയും ഫണ്ടും ലഭിച്ചതിനുശേഷം മാത്രമേ പ്രവൃത്തി തുടങ്ങാൻ കഴിയുകയുള്ളു.

അമ്പലപ്പാറ-വേങ്ങശ്ശേരി വാട്ടർ സപ്ലൈ സ്കീം

53 [1846] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ-വേങ്ങശ്ശേരി കുരുത്തിക്കുഴായ തോട്ടിൽ നിന്നും ശുദ്ധജലവിതരണ പദ്ധതി പണി ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ-വേങ്ങശ്ശേരി കുടിവെള്ള പദ്ധതിയുടെ കിണർ, ഇൻഫിൽട്രേഷൻ ഗ്യാലറി എന്നിവ പൂർത്തിയായിട്ടിട്ടുണ്ട്. പമ്പ്ഹൗസ് ഏകദേശം പൂർത്തിയായി. പമ്പ് സെറ്റ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2004 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മാവൂർ പഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതിയിലെ അപാകത

54 [1847] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ മാവൂർ പഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതിയിലെ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടുവാട്-കുതിരാടം പൈപ്പുലൈനിൽ നിന്നും മിക്ക സമയവും കുതിരാടം, കൈത്തുട്ടിമുക്ക് ഭാഗത്ത് വെള്ളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly